# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2271

18-03-2015-ൽ മറുപടിക്ക്

### കൊച്ചി-മംഗലപുരം ഗ്യാസ് പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചി-മംഗലപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്കായി കണ്ണൂർ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് കൊച്ചി-മംഗലാപുരം-ബംഗളൂരു ഗ്യാസ് പൈപ്പ് ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ മൊത്തം പൈപ്പ് ലൈൻ വിന്യസിക്കേണ്ട 83.7 കി.മീ. ദൈർഘ്യമുള്ള ഭൂമിയുടെ P&MP Act സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. കൂടാതെ ജില്ലയിൽ അഞ്ച് SV സ്റ്റേഷനുകൾക്കും ഒരു IP സ്റ്റേഷനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിൽ, മൂന്ന് SV സ്റ്റേഷനുകൾക്കുള്ള ഭൂമി, നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമെ പൈപ്പ് ലൈൻ പദ്ധതിക്കുള്ള പൈപ്പുകൾ കണ്ണൂരിലുള്ള യാർഡിൽ സ്വരൂപിച്ചിട്ടുണ്ട്. |

(ബി) ഇതിനുവേണ്ടി ഭൂമി നഷ്ടപ്പെടുന്ന വർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

(ബി) ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരമായി സ്ഥലമുടമകൾക്ക് P&MP Act പ്രകാരം മാർക്കറ്റ് വിലയുടെ 10 ശതമാനമാണ് രാജ്യത്തെ മറ്റ് സ്ഥലങ്ങളിൽ ഗെയിൽ നൽകിവരുന്നത്. എന്നാൽ കേരളത്തിലെ സവിശേഷ സാഹചര്യം പരിഗണിച്ചും സർക്കാർ ഇടപെടലിനെ തുടർന്നും, നഷ്ടപരിഹാര തുക ഭൂമിയുടെ ന്യായവിലയുടെ 50 ശതമാനമായി വർദ്ധിപ്പിച്ച് നൽകുവാൻ ഗെയിൽ സമ്മതിച്ചിട്ടുണ്ട്. കൂടാതെ നഷ്ടപ്പെടുന്ന ഫലവൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ട പരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ